പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 2377 | 07/02/2019 ൽ<br>മറുപടിക്ക് |

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.എം. മുകേഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം തീവ്രമാക്കിയിരിക്കുന്ന അവസരത്തിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കിത്തീർക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കി തീർക്കുന്നതിൻെറ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചു വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം എല്ലാ മാസവും വിശദമായ അവലോകനത്തിന് വിധേയമാക്കിവരുന്നു. വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് | ബി) | ചെലവു ചുരുക്കിയതും, സാമ്പത്തിക അച്ചടക്കം പാലിച്ചതും, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചതും, ഉല്പന്നങ്ങൾക്ക് നല്ല വിലയിൽ വിപണന സാധ്യത കണ്ടെത്തിയും, |

| | | | |
|---|---|---|---|
| | ലാഭത്തിലാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | | കമ്പനിയ്ക്ക് ഓപ്പൺ ആക്സസ് വഴി വൈദ്യുതി ലഭ്യമാക്കിയതും മൂലമാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് കമ്പനിയ്ക്ക് ലാഭം നേടിയെടുക്കുവാൻ കഴിഞ്ഞത്. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 60 റ്റി.പി.ഡി എച്ച്.സി.എൽ സിന്തസിസ് യൂണിറ്റ്, കാസ്റ്റിക്ക്സോഡാ ഉത്പാദനം നിലവിലെ 175 റ്റി.പി.ഡിയിൽ നിന്നും 250 റ്റി.പി.ഡിയായി ഉയർത്തുന്ന പദ്ധതി, 100 റ്റി.പി.ഡി കാസ്റ്റിക് കോൺസൻട്രേഷൻ പദ്ധതി എന്നിവയ്ക്കു തുടക്കം കുറിച്ചു കഴിഞ്ഞു. പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി കൂടുതൽ ലാഭകരമായി "ഓപ്പൺ അക്സസ്" സംവിധാനത്തിൽ ലഭ്യമാക്കാൻ സാധിച്ചതിനാൽ കമ്പനി സ്ഥായിയായ ലാഭം കൈവരിക്കുകയും, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാകുകയും ചെയ്തു. |
| സി | കെൽട്രോണിനെ നവീകരിച്ച് പുനരുദ്ധരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സി) | വിവിധ ഉൽപ്പാദന യുണിറ്റുകളിലെ സൗകര്യങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൺവിള യൂണിറ്റിന്റെയും, കരകുളത്തെ സ്പേസ് ഇലക്ട്രോണിക്സിന്റെയും ആധുനികവത്കരണം, ശ്രവണസഹായിയുടെ ഉത്പാദനം കൂട്ടുന്നതിനുള്ള പുതിയ മെഷീനറികൾ എന്നീ നവീകരണ വിപുലീകരണ പദ്ധതികൾ പുരോഗമിച്ചുവരുന്നു.<br>ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും, സർവറുകളുടേയും നിർമ്മാണത്തിന്റെ ഭാഗമായി പി.പി.പി ഘടനയിലുള്ള ഒരു സംവിധാനം കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സോളാർ പാനൽ, സ്മാർട്ട് മീറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കെൽട്രോൺ കംപൊണെൻറ് കോംപ്ലക്സ് വിവിധ ശ്രേണിയിലുള്ള കപാസിറ്റർ ഉത്പാദന സംവിധാനത്തിന്റെ ആധുനികവത്കരണവും, ഉല്പാദനശേഷിയുടെ |

| | | | |
|---|---|---|---|
| | | | വർദ്ധനവിനുമുള്ള 10 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി നടപടികൾ പുരോഗമിച്ചുവരുന്നു. കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന ശ്രീ.കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം കെപിപി നമ്പ്യാർ ഇലക്ട്രോണിക്സ് റിസർച്ച് & ഡവലപ്മെന്റ് സെൻറർ എന്ന പേരിൽ ഒരു ഇലക്ട്രോണിക് ഗവേഷണ കേന്ദ്രത്തിന് 31-12-2018ൽ തറക്കല്ലിട്ടു, തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>കെൽട്രോൺ ഇലക്ട്രോ സീറാമിക്സ് ലിമിറ്റഡ് പ്രതിരോധ മേഖലയ്ക്കാവശ്യമായ ട്രാൻസ്ഡ്യൂസർ എന്ന ഒരു ഉൽപ്പന്നം മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ട്രാൻസ്ഡ്യൂസറിന്റെ മറ്റുമേഖലകളിലുള്ള ഉപയോഗം കൂടി പരിഗണിച്ച് വാണിജ്യപരമായ കൂടുതൽ സാധ്യതകൾ കണ്ടെത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, കൂടാതെ ഉത്പാദന ചെലവു കുറയ്ക്കുന്നതിനുള്ള നടപടികളും പുതിയ ഉത്പന്നങ്ങളുടെ സാദ്ധ്യതകളും പരിശോധിച്ചു വരുന്നു. |
| ഡി) | സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയത്തിന്റെ പശ്ചാത്തലത്തിൽ കേരള ഓട്ടോമൊബൈൽസിനെ പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ? | ഡി) | കേരളാ ആട്ടോമൊബൈത്സ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം ഇലക്ട്രിക്കൽ വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കായി 10 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇ-ആട്ടോ വിപണിയിലിറക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ